# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 105 | 28.01.2019-ൽ മറുപടിക്ക് |
|---|---|

### മനുഷ്യക്കടത്ത് തടയുന്നതിനുള്ള നടപടികൾ

| | ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുന്നതിനുള്ള നടപടികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | മനുഷ്യക്കടത്ത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട്. സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുക എന്ന ലക്ഷ്യത്തോടുകൂടി, ക്രൈംബ്രാഞ്ച് തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. എസ്. ശ്രീജിത്ത് ഐ.പി.എസ് നോഡൽ ഓഫീസറായി സ്റ്റേറ്റ് സെൽ രൂപീകൃതമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലാ ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്ക് സംസ്ഥാന നോഡൽ ഓഫീസറാണ് മേൽനോട്ടം വഹിക്കുന്നത്. 19 പോലീസ് ജില്ലകളിലും ഡി.സി.ആർ.ബി, ഡി.വൈ.എസ്.പി. മാരുടെ നേതൃത്വത്തിലാണ് ജില്ലാ ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) & (സി) | കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഇതു സംബന്ധിച്ച് 95 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 55 എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം കോടതികളിൽ സമർപ്പിച്ചിട്ടുള്ളതും, ടി കേസുകൾ വിചാരണയിലുമാണ്. |
| (സി) | കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ